**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ആശ്രാമം മൈതാനത്ത് വച്ച് 31/08/16 മുതൽ 13/09/16 വരെ നടത്തുന്ന റീജിയണൽ സരസ് മേളയിൽ പങ്കെടുക്കുന്ന സ്റ്റാളുകളെ രജിസ്ട്രേഷൻ ഫീസിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നു.

================================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സ)നം.2589/16/തസ്വഭവ** **തിരുവനന്തപുരം, തീയതി: 03.09.2016.**

================================================================================

പരാമർശം: 1. സ.ഉ (സാധാ) 2141/2016/തസ്വഭവ തീയതി 16-07-2006.

2. സ.ഉ.(സാധാ) 2498/16/തസ്വഭവ തീയതി 22-08-2016

3. കുടുംബശ്രീ കൊല്ലം ജില്ലാ മിഷൻ സരസ് മേള-2016 ചെയർമാൻ ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച 22-08-2016 തീയതിയിലെ 17841K3/2016/KSK നംമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ആശ്രാമം മൈതാനത്ത് വച്ച് 31/08/16 മുതൽ 13/09/16 വരെ നടത്തുന്ന സരസ് മേളയിൽ 250 സ്റ്റാളുകളാണ് സജ്ജീകരിച്ചിട്ടുള്ളതെന്നും മേളയിൽ പങ്കെടുക്കുന്ന സ്റ്റാളുകൾക്ക് കോർപ്പറേഷൻ തലത്തിൽ രജിസ്ട്രേഷൻ നടത്തണമെന്ന് അറിയിച്ചതിനാൽ സരസ് മേള രജിസ്ട്രേഷൻ ഫീസിൽ നിന്നും ഒഴിവാക്കുവാൻ കൊല്ലം കോർപ്പറേഷന് ഉത്തരവ് നൽകണമെന്ന് സരസ് മേള-2016 ചെയർമാൻ പരാമർശം 3 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. മേൽ സാഹചര്യത്തിൽ കൊല്ലം ആശ്രാമം മൈതാനത്ത് 31/08/16 മുതൽ 13/09/16 വരെ നടക്കുന്ന റീജിയണൽ സരസ് മേളയിൽ പങ്കെടുക്കുന്ന സ്റ്റാളുകളെ രജിസ്ട്രേഷൻ ഫീസിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4. മേയർ/ സെക്രട്ടറി, കൊല്ലം നഗരസഭ
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, തിരുവനന്തപുരം
6. കുടുംബശ്രീ ജില്ലാ മിഷൻ, കൊല്ലം
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
8. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
9. ധനകാര്യ വകുപ്പ്
10. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
11. ജില്ലാ കളക്ടർ, കൊല്ലം.
12. പ്രസിഡന്റ്/ സെക്രട്ടറി, കൊല്ലം ജില്ലാ പഞ്ചായത്ത്
13. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ